(ബി) ഈ സ്ഥലത്ത് പോളിടെക്നിക്കിന്റെ കെട്ടിടം നിർമ്മിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) വെച്ചൂച്ചിറ പോളിടെക്നിക്കിനുവേണ്ടി 8 ഏക്കർ സ്ഥലം നൽകാമെന്ന് എക്സ് സർവ്വീസ്മെൻ കോളനി സഹകരണസംഘം പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കുവാനുള്ള നിശ്ചിത ഫാറത്തിലുള്ള അപേക്ഷ പത്തനംതിട്ട ജില്ലാകളക്ടർക്ക് അയച്ചിട്ടുണ്ട്.

(ബി) സ്ഥലം കൈമാറ്റം ചെയ്തുകിട്ടിയാലുടനെ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ എടുക്കുന്നതാണ്.

68 (1284) കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്

ശ്രീ. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്കിന് ഒരു വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

69 (1285) പ്ലസ്ടു കോഴ്സ് ആരംഭിക്കാൻ നടപടി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ ആദിവാസി മേഖലയായ അട്ടപ്പാടിയിലും മണ്ണാർക്കാടും പ്ലസ്ടു കോഴ്സ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വർഷം പുതിയ പ്ലസ്ടു സ്കൂളുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. അതതു പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകതയും പിന്നോക്കാവസ്ഥയും കണക്കിലെടുത്താണ് പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത്. പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

70 (1286) പ്ലസ്ടു കോഴ്സുകൾ അനുവദിക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly